**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **28-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ബഫർസോൺ പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർസോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ പാലക്കാട് ജില്ലയിലെ 14 പഞ്ചായത്തുകൾ ആയതിൽ ഉൾപ്പെടുന്നതാണ്. ഇവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. വണ്ടാഴി<br>2. പെരിങ്ങോട്ടുകുറിശി<br>3. കുത്തനൂർ<br>4. തരൂർ<br>5. അയിലൂർ<br>6. നെല്ലിയാമ്പതി<br>7. കണ്ണമ്പ്ര<br>8. കിഴക്കഞ്ചേരി<br>9. അലനെല്ലൂർ<br>10. കുമരംപുത്തൂർ<br>11. പുതൂർ<br>12. അഗളി<br>13. തെങ്കര<br>14. വടക്കഞ്ചേരി(മുൻസിപ്പാലിറ്റി) |
| (ബി) | ബഫർസോണുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്ന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിൽ നിന്നായി 1098 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും KSREC-യുടെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവേ നമ്പർ ഭൂമികളാണ് | (സി) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ |

| | | | |
|---|---|---|---|
| | ബഫർസോൺ മേഖലയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ? | | ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ ആലത്തൂർ മണ്ഡലത്തിൽപ്പെടുന്ന കിഴക്കഞ്ചേരി-I, കിഴക്കഞ്ചേരി-II, മംഗലംഡാം എന്നീ വില്ലേജുകളിൽപ്പെടുന്ന പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നുണ്ട്.<br><br>നിലവിലുള്ള കരട് ലിസ്റ്റ് അന്തിമമാകുമ്പോൾ മാത്രമേ ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സർവ്വേ നമ്പരിൽപ്പെട്ട ഭൂമികളാണ് സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി. മീ പരിധിയിലെ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ